ഉത്തരം

(എ) ഉണ്ട്. ഇതിനായി റവന്യൂ, സിവിൽ സപ്ലൈസ്, ആരോഗ്യം, ലീഗൽ മെട്രോളജി, പോലീസ് എന്നീ വകുപ്പുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തിയുള്ള സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ടി സ്ക്വാഡ് പമ്പയിലും സന്നിധാനത്തും ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണമേന്മ പരിശോധിക്കാറുണ്ട്.

(ബി&സി) പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ വിതരണംചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾക്ക് ഭാരിച്ച തുക ഈടാക്കുന്നത് നിയന്ത്രിക്കാനായി ഭക്ഷ്യപദാർത്ഥങ്ങളുടെ വില 3-11-2010-ന് ജില്ലാകളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ നിശ്ചയിച്ചു. വിലവിവരപ്പട്ടിക അഞ്ച് ഭാഷകളിൽ അച്ചടിച്ച് (മലയാളം, ഇംഗ്ലീഷ്, ഹിന്ദി, കന്നഡ, തെലുങ്ക്) എല്ലാ ഹോട്ടലുകളിലും പ്രദർശിപ്പിച്ചു. കൂടാതെ ഇത് ഉറപ്പ് വരുത്തുന്നതിന് വിവിധ വകുപ്പുകൾ അടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ച് വളരെ ഫലപ്രദമായി പരിശോധന നടത്തുകയും അമിതവില ഈടാക്കുന്നവർക്കെതിരെ കർശന നടപടി എടുക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇപ്രകാരം നിശ്ചയിച്ച വില നടപ്പിലാക്കുന്നതിനെതിരെ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ പത്തനംതിട്ട ജില്ലാ കമ്മിറ്റി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട്പറ്റീഷനിലെ 6-12-2010-ലെ ഉത്തരവ് പ്രകാരം പ്രസ്തുത വില നടപ്പാക്കുന്നത് താൽക്കാലികമായി തടഞ്ഞിരിക്കുകയാണ്.

റേഷൻ കാർഡ് നൽകാൻ നടപടി

105 (171) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് സപ്ലൈ ആഫീസിനുകീഴിൽ റേഷൻ കാർഡ് ലഭിക്കുന്നതിനായി 2010 ജനുവരി മുതൽ ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2010 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ലഭിച്ച അപേക്ഷകളിൽപോലും പലർക്കും റേഷൻ കാർഡ് വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ലഭിച്ച അപേക്ഷകളിൽ അടിയന്തരമായി തീർപ്പു കൽപ്പിച്ച് റേഷൻകാർഡ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തലപ്പിള്ളി താലൂക്ക് സപ്ലൈ ആഫീസിനു കീഴിൽ റേഷൻ കാർഡ് ലഭിക്കുന്നതിനായി 2010 ജനുവരി മുതൽ ഇതുവരെ 10377 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) കുടിശ്ശികയുള്ള റേഷൻ കാർഡ് അപേക്ഷകൾ ഡിസംബർ, 2010-ന് മുൻപായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശികയുള്ള ജോലികൾ സമയബന്ധിതമായി തീർക്കുന്നതിന് അധിക ജീവനക്കാരെയും കമ്പ്യൂട്ടർ തുടങ്ങിയ അനുബന്ധ സാമഗ്രികളും സി-ഡിറ്റ് മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്.

രണ്ടുരൂപയുടെ അരി

106 (172) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകൾവഴി ഏതെല്ലാം ക്ഷേമ നിധികളിൽ ഉൾപ്പെട്ട ആളുകൾക്കാണ് രണ്ട് രൂപയുടെ അരി വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) മദ്രസാ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് രണ്ടു രൂപയുടെ അരി ലഭ്യമാക്കണമെന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് രണ്ട് രൂപയുടെ അരി ലഭിക്കുന്നതിനുള്ള അർഹതയുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എ.പി.എൽ വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, ഓട്ടം, ഖാദി, കൈത്തറി, തഴപ്പായ നിർമ്മാണം, മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മൺപാത്ര നിർമ്മാണത്തൊഴിലാളികൾ, ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർ, പട്ടികജാതി/പട്ടികവർഗ്ഗ, ആശ്രയ പദ്ധതിയിൽപ്പെട്ടവർ എന്നിവർക്ക് രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. കൂടാതെ താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ടവരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത ആഭരണ നിർമ്മാണത്തൊഴിലാളികൾ, ഓട്ടുകമ്പനിത്തൊഴിലാളികൾ, ഓട്ടോ മൊബൈൽ റിപ്പയറിംഗ് തൊഴിലാളികൾ, സ്കൂൾ ശുചീകരണ-പാചകത്തൊഴിലാളികൾ, ഭാഗ്യക്കുറിമേഖലയിലെ തൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ഇ.പി.എഫ്. പെൻഷൻകാർ, നിർമ്മാണ തൊഴിലാളികൾ, കള്ളുചെത്തു തൊഴിലാളികൾ വികലാംഗർ, പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly